# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** | **10/07/2012-ൽ**

**ചോദ്യം നമ്പർ: 5975** | **മറുപടി പറയേണ്ടത്**

## എസ്.എം.എസ്. വഴി ജനാഭിപ്രായം സമാഹരിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) എസ്.എം.എസ്. വഴി ജനാഭിപ്രായം സമാഹരിക്കുന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) സർക്കാരിന്റെ പുതിയ നയങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്ന ഘട്ടത്തിൽത്തന്നെ അവ സംബന്ധിച്ച ജനാഭിപ്രായം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) പ്രസ്തുത പദ്ധതിയുടെ മേൽനോട്ടം ആർക്കാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) ഈ പദ്ധതിയുടെ പ്രവർത്തന രീതി എങ്ങനെയാണ്; | **(ബി) & (സി)**<br>ഐ.റ്റി. മിഷനും സി-ഡിറ്റുമായി ചേർന്ന് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ മേൽനോട്ടം ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ സ്ക്രൂട്ടിനി വിഭാഗത്തിനാണ്. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ ജനപ്രതികരണം അറിയേണ്ട കാര്യങ്ങൾ അതെ / അല്ല എന്ന് ഉത്തരം കിട്ടത്തക്ക ചോദ്യരൂപത്തിലാക്കി പത്രങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും പരസ്യം നൽകി അവ സംബന്ധിച്ച ജനാഭിപ്രായം എസ്.എം.എസ്. വഴി സമാഹരിക്കുന്നതാണ് പദ്ധതി. പദ്ധതി സംബന്ധിച്ച് അനുകൂലമായി പ്രതികരിക്കുന്നവർ PRD<space>P<space>(Y) എന്നും വിയോജിപ്പ് ഉള്ളവർ PRD<space>P<space>(N) എന്നും '537252' എന്ന നമ്പരിലേയ്ക്ക് എസ്.എം.എസ്. ചെയ്യുകയാണ് വേണ്ടത്. ഇതുപ്രകാരം അയയ്ക്കുന്ന ഓരോ സന്ദേശത്തിനും പ്രിമിയം നിരക്ക് ബാധകമായിരിക്കും. |
| (ഡി) എല്ലാ സർക്കാർ വകുപ്പുകളെയും ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ട് വരുന്ന കാര്യം പരിഗണിക്കുമോ? | (ഡി) സർക്കാരിലെ എല്ലാ വകുപ്പുകൾക്കും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പുവഴി ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ.